(ബി) മെഡിക്കൽ കൗൺസിൽ 2014 മേയ് മാസത്തിൽ കോളേജ് സന്ദർശിച്ചെങ്കിലും മതിയായ അധ്യാപകരുടെയും ലബോറട്ടറി ഉപകരണങ്ങളുടെയും അഭാവംമൂലം അംഗീകാരം ലഭിച്ചിട്ടില്ല.

(സി) (എ) പിരിവിന്റെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

പോലീസ് മർദ്ദനത്തെത്തുടർന്ന് പട്ടികജാതി യുവാവ് ആത്മഹത്യ ചെയ്ത സംഭവം

279 (944) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് രാജാജി നഗറിൽ പോലീസ് മർദ്ദനത്തെത്തുടർന്ന് യുവാവ് ആത്മഹത്യ ചെയ്യുവാൻ ഇടയാക്കിയ സംഭവത്തെക്കുറിച്ച് എന്തെങ്കിലും അന്വേഷണം പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ നടത്തുന്നുണ്ടോ ;

(ബി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പോലീസ് പീഡനംമൂലം തങ്ങളുടെ മകൻ ആത്മഹത്യ ചെയ്തതായി ആരോപിച്ച് പരേതന്റെ മാതാപിതാക്കളായ രാജാജി നഗർ ഷെഡ്ഡ് നമ്പർ 35-ൽ താമസിക്കുന്ന ശ്രീ. സുനിൽകുമാർ. എസ്., ശ്രീമതി ബിന്നു എന്നിവർ സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരെയും പോലീസ് അഡീഷണൽ ഡയറക്ടർ ജനറൽ (സ്പെഷ്യൽ സെൽ)-നെയും 30-6-2015-ന് നേരിൽ കേൾക്കുന്നതിനായി പട്ടികജാതി പട്ടികവർഗ്ഗ കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്.

തരൂർ മണ്ഡലത്തിലെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

280 (945) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ തരൂർ മണ്ഡലത്തിൽ ഉൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly